സാഹിത്യവിമർശനവും എം. കൃഷ്ണൻ നായരും

1 മേയ് 2024

വില ₹ 25

# വിജ്ഞാനകൈരളി

VIJNANAKAIRALI Monthly

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം



## കൃത്രിമ ന്യൂറോണുകളും ന്യൂറൽ നെറ്റ്‌വർക്കും

## കാഴ്ചവൈകല്യമുള്ള വ്യക്തികളുടെ സുഗമസഞ്ചാരവും നിർമിതബുദ്ധിയുടെ സാധ്യതകളും

ISSN 2349-1051



എൻ.വി. കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

# വിജ്ഞാനകൈരളി


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

മേയ് 2024 വാല്യം 56 ലക്കം 5 വില ₹ 25, തിരുവനന്തപുരം
May 2024 Vol 56 No 5 Price ₹ 25, Thiruvananthapuram



കയ്യിന്റെ രസതന്ത്രം
പ്രിയാ വേണുഗോപാൽ 13

ഡിജിറ്റൽ യുഗത്തിലെ തൊഴിൽ സംസ്കാരം: വെല്ലുവിളികളും നയപരമായ ഇടപെടലുകളും
ഡോ. കെ.പി. വിപിൻ ചന്ദ്രൻ, ഡോ. സന്ധ്യ. പി 25

സാമൂഹികജനാധിപത്യം: ഡോ. ബി.ആർ. അംബേദ്കറുടെ ദർശനവും വിമർശനവും
ഡോ. രവി കെ. പി. 31

സ്ത്രീസ്വത്വവ്യതിയാനം മലയാള ചെറുകഥകളിൽ
സീമാ സി.വി. 40


പരിഭാഷയെ സാംസ്കാരിക പ്രവർത്തനമാക്കിയ സ്പിവാക്ക്
ഡോ. തോമസ് സ്കറിയ 48

കേരളത്തിലെ പരിസ്ഥിതി സമരങ്ങൾ ഒരു അവലോകനം
ജൂലി ജോൺ 62

തച്ചോളി ഒതേനൻ നാടൻപാട്ടിലും സിനിമയിലും
ഡോ. ജൂലിയാ ഡേവിഡ് 69

കാഴ്ചവൈകല്യമുള്ള വ്യക്തികളുടെ സുഗമസഞ്ചാരവും നിർമിതബുദ്ധിയുടെ സാധ്യതകളും
മുഹമ്മദ് ഷാഫി എം 77


പുസ്തകപരിചയം 82


**സാഹിത്യവിമർശനവും എം. കൃഷ്ണൻ നായരും**
ഡോ. അശോക് ഡിക്രൂസ്

5

മലയാള സാഹിത്യവിമർശനത്തിലെ അതികായനായ എം. കൃഷ്ണൻ നായരുടെ സാഹിത്യവിമർശനത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന ലേഖനം.


**കൃത്രിമ ന്യൂറോണുകളും ന്യൂറൽ നെറ്റ്‌വർക്കും**
സുജാചന്ദ്ര പി.

16

വിവിധ മേഖലകളിൽ നിർമിതബുദ്ധിയുടെ സ്വാധീനം എപ്രകാരമാണെന്ന് വിശദീകരിക്കുന്ന ലേഖനം.





**നികുതിവ്യവസ്ഥയിലെ കൊളോണിയൽ അടയാളങ്ങൾ:**
ഡോ. മഞ്ജു എം. പി.
ശ്രാവൺ സൗരവ് കെ. പി.

52


'കാനൃലുകളിൽ നിശ്ചയിച്ചിട്ടുള്ള നികുതിനിയമങ്ങൾ' എന്ന താളിയോല ഗ്രന്ഥത്തെ മുൻനിർത്തിയുള്ള പഠനം.



വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകർക്കായിരിക്കും.
അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല. - എഡിറ്റർ



ചീഫ് എഡിറ്റർ : 0471 2316306
എഡിറ്റർ : 8547071569
ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നാളന്ദ, തിരുവനന്തപുരം 695 003
സർക്കുലേഷൻ മാനേജർ : 8593949556 vkcirculation@gmail.com
www.keralabhashainstitute.org



എം. കൃഷ്ണൻ നായർ


# സാഹിത്യവിമർശനവും എം. കൃഷ്ണൻ നായരും

ഡോ. അശോക് ഡിക്രൂസ്

നിരൂപണം, വിമർശനം എന്നീ പദങ്ങൾ പര്യായങ്ങളെപ്പോലെയാണ് മലയാളികൾ ഉപയോഗിക്കുന്നത്. എന്നാൽ, സൂക്ഷ്മാർഥത്തിൽ നിരൂപണവും വിമർശനവും രണ്ടാണെന്ന് ബോധ്യമാകും. 'രൂപ്' എന്ന ധാതുവിനൊപ്പം 'നി' എന്ന ഉപസർഗം കൂടിച്ചേരുമ്പോഴാണ് നിരൂപണം എന്ന പദം ഉണ്ടാകുന്നത്. രൂപ് എന്ന ധാതുവിന്റെ അർഥം മോടിപിടിപ്പിക്കുക / കമനീയമാക്കുക എന്നൊക്കെയാണ്. എന്നുവച്ചാൽ സാഹിത്യകൃതിയുടെ മേന്മ എടുത്തു കാണിക്കുന്നതാണ് / കാണിക്കുന്നതാവണം നിരൂപണം. അതേസമയം, 'മൃശ്' എന്ന ധാതുവിനൊപ്പം 'വി' എന്ന ഉപസർഗം ചേരുമ്പോഴാണ് വിമർശനം എന്ന പദം രൂപപ്പെടുന്നത്. 'മൃശ്' എന്ന ധാതുവിന് നശിപ്പിക്കുക എന്നാണ് അർഥം. അങ്ങനെ നോക്കിയാൽ, കൃതിയുടെ ദോഷം ചൂണ്ടിക്കാണിക്കുന്നതാണ് വിമർശനം. അതുകൊണ്ടുതന്നെ വിമർശനം എഴുത്തുകാർക്ക് പൊതുവേ സ്വീകാര്യവുമല്ല. അതേസമയം, വായനക്കാർക്ക് ആഭിമുഖ്യം വിമർശകരോടാണ്. മലയാളസാഹിത്യവിമർശനചരിത്രത്തിലെ നിർണായകമായ ഒരേടാണ് എം. കൃഷ്ണൻ നായർ.

മലയാളസാഹിത്യവിമർശനത്തിലെ 'വയലന്റ് ക്രിട്ടിക്' ആയിരുന്നു എം. കൃഷ്ണൻ നായർ. വാസ്തവത്തിൽ, കെ.പി. അപ്പൻ കുട്ടികൃഷ്ണമാരാരെ വിശേഷിപ്പിച്ച പ്രയോഗമാണ് 'വയലന്റ് ക്രിട്ടിക്' എന്നത്. മാരാരുടെ ബൗദ്ധികമായ ഹിംസാവാസന മുൻനിർത്തിയായിരുന്നു അപ്പൻ അങ്ങനെ അഭിപ്രായപ്പെട്ടത്. മുച്ചൂടും നശിപ്പിച്ചുകളയുന്ന ക്രൂരതയായിരുന്നില്ല അത്. മറിച്ച്, നശിപ്പിച്ചതിനെ അസംസ്കൃതവസ്തുവാക്കി മാരകമായ മറ്റൊരു ഉപകരണമാക്കി മാറ്റുന്ന ഹിംസയായിരുന്നു. ഭാരതപര്യടനത്തിലെ 'വ്യാസന്റെ ചിരി'യിലുണ്ട് ആ അക്രമാസക്തി. സമാനമായ ഒരു ക്രൗര്യം മുണ്ടശ്ശേരിയിലും ഉണ്ടായിരുന്നു. അതുപക്ഷേ, പഴഞ്ചൻ സാഹിത്യമൂല്യങ്ങളോടായിരുന്നു എന്നുമാത്രം. കുമാരനാശാൻ ഒഴികെയുള്ള കവികളോട്, പട്ടി

കൃതിയുടെ ദോഷം ചൂണ്ടിക്കാണിക്കുന്നതാണ് വിമർശനം. അതുകൊണ്ടുതന്നെ വിമർശനം എഴുത്തുകാർക്ക് പൊതുവേ സ്വീകാര്യവുമല്ല. അതേസമയം, വായനക്കാർക്ക് ആഭിമുഖ്യം വിമർശകരോടാണ്. മലയാളസാഹിത്യ വിമർശനചരിത്രത്തിലെ നിർണായകമായ ഒരേടാണ് എം. കൃഷ്ണൻ നായർ.



സുകുമാർ അഴീക്കോട്

ണികിടന്ന സിംഹത്തിന്റെ മാംസദാഹമായിരുന്നു മുണ്ടശ്ശേരി പ്രകടിപ്പിച്ചത്. Violence in suspended animation എന്ന മട്ടിലുള്ള വയലൻസ് കെ.പി. അപ്പനിലും കാണാം. എന്നാൽ, എം. കൃഷ്ണൻ നായരുടെ അക്രമോത്സുകത മേൽപ്പറഞ്ഞ മൂന്നുപേരുടെയും ശൈലികളുമായി പൊരുത്തപ്പെടാത്തതാണ്. അതുകൊണ്ടാണ്, "എം. കൃഷ്ണൻ നായരുടേത് അക്രമാസക്തിയുടെ തെരുവ് നാടകങ്ങളാണ്. ചീത്ത രചനകളോടുള്ള വിദ്വേഷത്തിന്റെ വീര്യം മുറ്റിയ വീഞ്ഞും പരിഹാസത്തിന്റെ സ്വാദേറിയ അപ്പവുമാണ്. അത് ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങളാണ്. അവിടെ വ്യക്തമായും ആഴയിൽ ഒരു തവണ വച്ച് ചോര ചീറ്റുന്നു. തലകൾ ഉരുളുന്നു. അങ്ങനെയൊന്ന് നേരത്തെ മലയാളസാഹിത്യത്തിൽ സംഭവിച്ചിട്ടില്ല." എന്ന് എസ്. ഭാസുരചന്ദ്രൻ അഭിപ്രായപ്പെട്ടത്.

ഖണ്ഡനനിരൂപണം എന്ന കേവലമായ അർഥമായിരുന്നില്ല സാഹിത്യവാരഫലത്തിന്. അതിൽ ഹിംസ പ്രകടമായിരുന്നു. അപകീർത്തിക്കേസ് ഉൾപ്പെടെയുള്ള പ്രത്യാക്രമണങ്ങൾ ആ പംക്തിമൂലം എം. കൃഷ്ണൻ നായർക്ക് നേരിടേണ്ടിയും വന്നു. അതുകൊണ്ടുതന്നെ, ആരംഭകാലത്ത് സാഹിത്യവാരഫലം അച്ചടിക്കാൻ പല പത്രാധിപരും വിമുഖത കാട്ടി. ഒടുവിൽ, കെ. ബാലകൃഷ്ണൻ എന്ന കൗമുദി പത്രാധിപരാണ് സാഹിത്യവാരഫലത്തെ സ്വീകരിച്ചത്. പിന്നീട്, എം. കൃഷ്ണൻ നായരുടെ ശൈലിക്ക് വായനക്കാർക്കിടയിൽ വമ്പിച്ച സ്വീകാര്യത ലഭിച്ചതിനു ശേഷമാണ് മറ്റുപല പത്രാധിപർക്കും സാഹിത്യവാരഫലത്തിൽ താൽപ്പര്യമുണ്ടായത്.

മലയാളത്തിലെ മറ്റൊരു സാഹിത്യവിമർശകനിലും കാണാൻ കഴിയാത്ത കാൽപ്പനികമായ ഇടപെടലുകൾ എം. കൃഷ്ണൻ നായരിൽ കാണാം. ചിലപ്പോൾ വിശ്വസാഹിത്യത്തിൽനിന്ന് ഒരു അതിഭാവന കണ്ടെത്തി അവതരിപ്പിക്കും. മറ്റുചിലപ്പോൾ നിത്യജീവിതത്തിൽനിന്നുള്ള ഒരേടായിരിക്കും കണ്ടെത്തി അവതരിപ്പിക്കുന്നത്. വിഖ്യാതനായ ഫ്രഞ്ച് എഴുത്തുകാരൻ കോക്തോയുടെ ഒരു ഭാവന വിവരിക്കുന്നത് ഇങ്ങനെയാണ്: 'ചിത്രകാരൻ വരയ്ക്കുന്ന ചിത്രശലഭത്തെ വരയ്ക്കുകയാണ്. നൂറുവർഷമെടുത്ത് എല്ലാ സൂക്ഷ്മാംശങ്ങളോടെയും ചിത്രം പൂർത്തിയാകാൻ. ഒടുവിൽ മരിക്കുന്നതിനു തൊട്ടുമുമ്പ് ചിത്രകാരൻ അവസാനത്തെ മിനുക്കുപണി നടത്തി. ചിത്രശലഭം ചിറകുകുടഞ്ഞ് ക്യാൻവാസിൽനിന്ന് പറന്നുപറന്നുപോയി'.

മലയാളത്തിലെ മറ്റൊരു സാഹിത്യ വിമർശകനിലും കാണാൻ കഴിയാത്ത കാൽപ്പനികമായ ഇടപെടലുകൾ എം. കൃഷ്ണൻ നായരിൽ കാണാം. ചിലപ്പോൾ വിശ്വസാഹിത്യത്തിൽ നിന്ന് ഒരു അതിഭാവന കണ്ടെത്തി അവതരിപ്പിക്കും. മറ്റുചിലപ്പോൾ നിത്യജീവിതത്തിൽനിന്നുള്ള ഒരേടായിരിക്കും കണ്ടെത്തി അവതരിപ്പിക്കുന്നത്.

നവീന സാഹിത്യനിരൂപകന്മാരെക്കുറിച്ച് പറയാൻവേണ്ടി കൃഷ്ണൻ നായർ സ്വീകരിച്ചിരിക്കുന്നത് ഡോക്ടർമാരുമായുള്ള സംഭാഷണസന്ദർഭത്തെയാണ്. അത് ഇപ്രകാരമാണ്: 'ചിലപ്പോൾ മെഡിക്കൽ കോളെജിലെ വിദ്യാർഥികൾ എന്റെ വീട്ടിൽ വരാറുണ്ട്. ഒരിക്കൽ മൂന്ന് എം.ബി.ബി.എസ്. വിദ്യാർഥികളോട് ഞാനും പറഞ്ഞു: ഹി ഈസ് സഫറിങ് ഫ്രം കോക്ക്ഡിസിഓയ്ഡോമൈക്കോസിസ്. അതുകേട്ട് മൂന്നു പേരുടെയും കണ്ണു തള്ളിപ്പോയി. അവരും മെഡിക്കൽ കോളെജ് ലൈബ്രറിയിലേക്ക് ഓടിയിരിക്കും. ഈ ഡോക്ടർമാരെപ്പോലെയാണ് നവീന നിരൂപകർ. "വ്യക്തിനിഷ്ഠമായ കലാത്മക ബോധത്തിന്റെ രൂപം ഉരുത്തിരിഞ്ഞുവരാൻ വേണ്ടി അസ്തിത്വവാദപരങ്ങളായ ആവിഷ്കാരങ്ങളെ കേന്ദ്രീകൃത പരിപ്രേക്ഷ്യത്തിലേക്ക് കൂട്ടിയിണക്കി പദങ്ങളിലൂടെ പുനർജനിപ്പിക്കുന്ന പ്രക്രിയാവൈദഗ്ധ്യമാണ് 'മയ്യഴിപ്പുഴയുടെ തീരങ്ങ'ളിൽ കാണുന്നത്." എങ്ങനെയിരിക്കുന്നു ഈ കോക്ക്ഡിസിയിഓയ്ഡോമൈക്കോസിസ്?'.

സാഹിത്യവാരഫലത്തെക്കുറിച്ച് ഒരിക്കൽ (കലാകൗമുദി, 24-06-1984) എം. കൃഷ്ണൻ നായർ തന്നെ കുറിച്ചത് ഇപ്രകാരമായിരുന്നു: "മുൻപ് എസ്.കെ. നായരുടെ ആധിപത്യത്തിൽ പ്രസാധനം ചെയ്തിരുന്ന മലയാളനാട് വാരികയിൽ ഈ പംക്തി പതിവായി പ്രത്യക്ഷപ്പെട്ടിരുന്നപ്പോൾ ഒരു മാന്യൻ ഇതിനെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കന്മിതത്വമായി — ഈവിൾ നെസെസിറ്റിയായി — ചിത്രീകരിച്ചു. ഞാൻ അദ്ദേഹത്തോടു തർക്കിക്കാൻ പോയില്ല. ഇതിനെക്കുറിച്ചു നല്ല അഭിപ്രായം പറയുന്നവരുമുണ്ടെന്നു കാണിക്കാൻ, പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ബന്ധു നയൻതാരാ സെഗാൾ 'സാഹിത്യവാരഫല'ത്തെക്കുറിച്ച് ഉതിർത്ത പ്രശംസാവചനങ്ങൾ ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുചെന്നു. വടക്കേയിന്ത്യയിലേക്കുപോയ 'മലയാളനാട്' പത്രാധിപസമിതിയിലെ അംഗങ്ങൾ നയൻതാരയെ കണ്ടപ്പോൾ ഈ പംക്തിയിൽ വന്ന ഒരു ലേഖനം ഇംഗ്ലീഷിലേക്കു തർജമ ചെയ്തു നൽകി. ശ്രീമതി അതു വായിച്ചിട്ടു ലോകത്തൊരിടത്തും ഇത്രത്തോളം ആകർഷകത്വമുള്ള മറ്റൊരു കോളം ഇല്ലെന്നു പറഞ്ഞു. പ്രതിഭാശാലികൾ മറ്റുള്ളവരെ നിന്ദിക്കാറില്ല. തങ്ങൾക്കിഷ്ടമില്ലാത്ത രചനകളെപ്പോലും അവർ വാഴ്ത്താറേയുള്ളൂ. നോവലിസ്റ്റായ നയൻതാര മലയാളനാട് പത്രാധിപരെയും മറ്റംഗങ്ങളെയും നോക്കി. നാലു നല്ല വാക്കു വെറുതേ പറഞ്ഞതാണെന്നു തന്നെയിരിക്കട്ടെ. എന്നാലും ഈ പംക്തി


ദുഷ്ടമായ ആവശ്യകതയാകുന്നതെങ്ങനെ?

തിന്മകൾ അന്യോന്യം കൈമാറ്റം ചെയ്യാൻ സഹായിക്കുന്ന ഒരു ഓഫീസ് മുമ്പുണ്ടായിരുന്നു. അവിടെയുള്ള ഒരുത്തൻ — നരകവുമായി ഇടപാടുള്ള ഒരു ഭയങ്കരൻ — തിന്മകൾ 'എക്സ്ചെയ്ഞ്ച്' ചെയ്യും. ഒരു ദിവസം താനറിയാതെ വിഷം കഴിച്ചിട്ട് ഒരുത്തൻ ആ ഓഫീസിൽ ഓടിക്കയറിച്ചെന്നു. പന്ത്രണ്ടു മണിക്കൂർ മാത്രമേ അയാൾ ജീവിച്ചിരിക്കുകയുള്ളൂ. തിന്മകൾ കൈമാറ്റം ചെയ്തുകൊടുക്കുന്നവൻ അയാളെ സഹായിച്ചു. വേറൊരുത്തന്റെ ജീവനെടുത്തു വിഷം കഴിച്ചവനു കൊടുത്തു. വിഷം കഴിച്ചവന്റെ മരണമെടുത്തു മറ്റേയാൾക്കും. ഇക്കഥ പറയുന്നയാൾ യാദൃച്ഛികമായി ലിഫ്റ്റിൽ കയറാൻ പേടിയുള്ള ഒരാളെ കണ്ടു. കഥ പറയുന്നയാളിനു കടലിൽ യാത്ര ചെയ്യാൻ വയ്യ. കടൽച്ചൊരുക്ക് ഉണ്ടാകും. രണ്ടുപേരും തിന്മകൾ ഓഫീസ് അധികാരിയുടെ സാന്നിധ്യത്തിൽ കൈമാറ്റം ചെയ്തു. പ്രമാണത്തിൽ ഒപ്പുവച്ചു പണവും കൊടുത്തിട്ടു കഥ പറയുന്ന ആൾ ഹോട്ടലിൽ എത്തിയപ്പോൾ തളർന്നു. ലിഫ്റ്റിൽ കയറി അയാൾക്കു മുകളിലേക്കു പോകാൻ വയ്യ. (ഐറിഷ് നാടകകർത്താവ് ലോഡ്സൻ സേനി, മരണം 1957, എഴുതിയ ഒരു കഥ വായിച്ച ഓർമയിൽനിന്ന്.)

സാഹിത്യവാരഫലം തിന്മയാണെന്നിരിക്കട്ടെ. എന്നാലും ഞാനതു നവീന നിരൂപണവുമായി എക്സ്ചെയ്ഞ്ച് നടത്തുമോ? ഇല്ല നവീന കവിതയുമായി, നവീന കഥയുമായി എക്സ്ചെയ്ഞ്ച് നടത്തുമോ? ഇല്ലേയില്ല. ജീവൻ അങ്ങോട്ടു കൊടുത്തിട്ട് മരണം ഇങ്ങോട്ടു വാങ്ങുമോ? ഈ ലോകത്തു ജനിക്കുന്നതാണ് ഏറ്റവും വലിയ ദുഃഖമെന്നു സാമുവൽ ബക്കറ്റ് പറഞ്ഞിട്ടുണ്ട്. ജനിച്ച സ്ഥിതിക്ക് ഇനിയുള്ള ഹ്രസ്വകാലം കൂടി ഞാൻ ജീവിച്ചു കൊള്ളട്ടെ." എന്നിങ്ങനെ സ്വയം വിലയിരുത്താനും കൃഷ്ണൻ നായർ 'സാഹിത്യവാരഫല'ത്തിൽ ശ്രമിക്കുന്നുണ്ട്.

## വിമർശനത്തിന്റെ കാതൽ

സാഹിത്യത്തെ അഥവാ കലയെക്കുറിച്ചുള്ള ദാർശനിക വിചിന്തനം ആയതുകൊണ്ടുതന്നെ വിമർശനത്തെ ഒരു പ്രായോഗികസംരംഭം എന്നു വിശേഷിപ്പിക്കാം. കൃതികളെ മെച്ചപ്പെട്ട രീതിയിൽ വായിക്കാനും ആസ്വദിക്കാനും വായനക്കാരെ വിമർശകൻ സഹായിക്കുന്നു എന്നതിനർഥം, ചില സംജ്ഞകളിൽ കുടുങ്ങിക്കിടക്കുന്ന കൃതിയുടെ അർഥത്തെ അഥവാ അർഥങ്ങളെ സ്വതന്ത്രമാക്കുകയും അവയ്ക്കു ജീവൻ നൽകുകയും ചെയ്യുന്നു എന്നുമാണ്. എന്തെന്നാൽ, പ്രസ്തുത സംജ്ഞകൾക്ക് നിഘണ്ടു നൽകുന്ന അർഥങ്ങളല്ല, മറിച്ച് തനിക്കുകൂടി താൽപ്പര്യമുള്ളതും തന്നെക്കൂടി ബാധിക്കുന്ന കാര്യങ്ങൾ എന്ന നിലയിലാണ് വിമർശകൻ അർഥങ്ങളെ നോക്കിക്കാണുന്നത്. അതുകൊണ്ടുതന്നെ, വിമർശനപ്രക്രിയ (critical act) ഇതരവുമായി ബന്ധിപ്പിക്കുന്ന ഒരു പ്രവൃത്തിയാണ്. അക്കാരണത്താലാണ് കൃതികളെ മനസ്സിലാക്കുക, വ്യാഖ്യാനിക്കുക, വിലയിരുത്തുക, വിധിപ്രസ്താവങ്ങൾ നടത്തുക



ജി. ശങ്കരക്കുറുപ്പ്

എന്നിങ്ങനെയുള്ള കാര്യങ്ങളെ കാലങ്ങളായി വിമർശകധർമം എന്നു കരുതിപ്പോരുന്നത്. അതേസമയം, കൃതിയിൽ വിവേചനങ്ങളും വിഭജനങ്ങളും നടത്തുക, വ്യാഖ്യാനിക്കുക (distinguish, separate, explain) എന്നിവ മാത്രമേ ചെയ്യേണ്ടതുള്ളൂ എന്നതാണ് വിവേകമതികളായ വിമർശകരുടെ പക്ഷം. കൃതി നല്ലതോ ചീത്തയോ എന്നു ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചില്ലെങ്കിൽപ്പോലും, ഒരു കലാശില്പം എന്ന നിലയിൽ അത് വിജയിച്ചിട്ടുണ്ടോ ഇല്ലയോ എന്നു പറയാനുള്ള ചങ്കൂറ്റമെങ്കിലും വിമർശകന് ഉണ്ടായിരിക്കേണ്ടതാണ്.

വിമർശനത്തിന്റെ കാതലായ ഭാഗം വ്യക്തിനിഷ്ഠം തന്നെയാണ്. All criticism is partial, passionate and political എന്നു പറയുന്നത് അതുകൊണ്ടാണ്. കൃതിയിലൂടെ രൂപാന്തരം പ്രാപിച്ചതും അതിന്റെ സ്വാധീനത്തിനു വിധേയമാകാത്തതുമായ ഒന്നായിരിക്കണം നിരൂപകന്റെ ബോധതലം. ചുരുക്കത്തിൽ, സാഹിത്യകാരന്റെ രചനയ്ക്ക് മറ്റൊരു രചനയിലൂടെ മറുപടി നൽകുന്നവനാണ് വിമർശകൻ. അതുകൊണ്ടുതന്നെ, പ്രാകൃതവും ഇരുൾമൂടിയതുമായ മനോഭാവത്തോടുകൂടി ഒരു കൃതിയെ സമീപിക്കാൻ ഒരു വിമർശകനും കഴിയില്ല. കാരണം, ജീവിതത്തെ നോക്കിക്കാണുന്നതും അതിന്റെ അനുഭൂതികൾ പകർന്നു നൽകുന്നതും സാഹിത്യകാരനാണ്. നിരൂപകന്റെ അനുഭൂതികൾ ജീവിതത്തിൽനിന്ന് രൂപമെടുക്കുന്നതല്ല. അത് സാഹിത്യകൃതികളിൽനിന്ന് ഉരുവംകൊള്ളുന്നതാണ്. സാഹിത്യകൃതികൾ പിറവികൊള്ളുമ്പോഴാണ് വിമർശകനും ജനിക്കുന്നത്. ഉദാഹരണമായി, ജി. ശങ്കരക്കുറുപ്പിന്റെ കവിതകളാണ് സുകുമാർ അഴീക്കോട് എന്ന വിമർശകനെ വിളിച്ചുണർത്തിയത്. സർഗാത്മകരചന എല്ലായ്പ്പോഴും അപകടകരമാകുന്നത് ഇങ്ങനെയൊക്കെയാണ് - ശക്തരായ വിമർശകരെ അത് ആകർഷിക്കുകയും പ്രകോപിപ്പിക്കു കയും ചെയ്യും.

വിമർശനത്തിന്റെ കാതലായ ഭാഗം വ്യക്തിനിഷ്ഠം തന്നെയാണ്. All criticism is partial, passionate and political എന്നു പറയുന്നത് അതുകൊണ്ടാണ്. കൃതിയിലൂടെ രൂപാന്തരം പ്രാപിച്ചതും അതിന്റെ സ്വാധീനത്തിനു വിധേയമാകാത്തതുമായ ഒന്നായിരിക്കണം നിരൂപകന്റെ ബോധതലം. ചുരുക്കത്തിൽ, സാഹിത്യകാരന്റെ രചനയ്ക്ക് മറ്റൊരു രചനയിലൂടെ മറുപടി നൽകുന്നവനാണ് വിമർശകൻ.

"ക്രിസ്തു ഉയിർത്തെഴുന്നേറ്റു വന്നപ്പോൾ തോമസിനു സംശയം. സംശയം പരിഹരിക്കാൻ വേണ്ടി യേശുദേവൻ ശരീരത്തിലെ മുറിവുകൾ കാണിച്ചുകൊടുത്തു. വിശ്വാസികൾക്ക് അദ്ദേഹം അവ കാണിച്ചുകൊടുത്തില്ല താനും. 'ധർമരാജാ'യ്ക്കും 'കാരമസോവ് സഹോദരന്മാർ'ക്കും സാദൃശ്യം കല്പിക്കുന്നവരെക്കൊണ്ട് പടിഞ്ഞാറൻ മാസ്റ്റർപീസുകൾ വായിപ്പിച്ചാലോ? അവിടെ ഇപ്പറഞ്ഞ സാമാന്യനിയമം പരാജയപ്പെടും. ഇഷ്ടാനിഷ്ടങ്ങളും ദുരഭിപ്രായങ്ങളുമാണ് അത്തരം പ്രസ്താവങ്ങൾക്കു കാരണങ്ങളാവുന്നത്. ദസ്തയേവിസ്കിക്കും സി.വി. രാമൻ പിള്ളയ്ക്കും സാദൃശ്യം കൽപ്പിക്കുന്നവർ ഇവോ ആൻഡ്രിച്ചിനും ജെ.എം. കുറ്റ്സേക്കും അധമസ്ഥാനമേ നൽകുകയുള്ളൂ." എന്നിങ്ങനെ വിമർശനത്തിന്റെ സമീപനത്തെ പരിചയപ്പെടുത്താനും കൃഷ്ണൻ നായർ എല്ലാ ലക്കത്തിലും ഇടം നീക്കിവയ്ക്കാറുണ്ട്.

സാഹിത്യകൃതികളുടെ ഉള്ളിലേക്കിറങ്ങാൻ പാകത്തിനുള്ള പ്രതിബിംബിത യാഥാർഥ്യങ്ങൾ അവതരിപ്പിക്കുന്നതിൽ അസാധാരണമായ പ്രാഗത്ഭ്യം പ്രകടിപ്പിച്ച വിമർശകനായിരുന്നു എം. കൃഷ്ണൻ നായർ.

"അനുഭവത്തിന്റെ കിരണങ്ങൾ വന്നുവീണാൽ അവ (കലാസൃഷ്ടികൾ) പ്രകാശിക്കും രത്നംപോലെ. അനുഭവരശ്മികൾ പതിച്ചില്ലെങ്കിൽ അവ മൺകട്ടകളാണ്. അനുഭവങ്ങൾക്ക് തീക്ഷ്ണത കൂടുമ്പോൾ അനുവാചകൻ അന്നുവരെ കണ്ടിട്ടില്ലാത്ത പലതും കാണും. കടൽപ്പുറത്തെ മണൽത്തരികളേ, നിങ്ങൾക്ക് മധ്യാഹ്നത്തിൽ എന്തൊരു ശോഭ! നിങ്ങളാണ് എനിക്ക് കലാരഹസ്യം പറഞ്ഞുതന്നത്." എന്നും മറ്റും പറയാൻ കഴിയുന്നത് കൃഷ്ണൻ നായർക്കുമാത്രമാണ്.

## വിമർശനശൈലി

സാഹിത്യരചയിതാവിന് സ്വന്തമായ ഭാഷയും ശൈലിയും ഉണ്ടായിരിക്കും. എന്നാൽ, സർഗാത്മകരചനപോലെ മൗലികമായ ഒന്നായിരിക്കില്ല വിമർശകന്റെ ശൈലി. കടമെടുത്തതും മിശ്രിതവും കുറേയൊക്കെ കൃത്രിമവുമാണ് വിമർശകന്റെ ശൈലി. സാഹിത്യകാരൻ സ്വയം കണ്ടെത്തുന്നത് ഭാഷയിലൂടെയും ശൈലിയിലൂടെയുമാണ്. എന്നാൽ വിമർശകനാകട്ടെ, എഴുത്തുകാരന്റെ ഭാഷയെയും ശൈലിയെയും കണ്ടെത്താനാണ് ശ്രമിക്കുന്നത്. അതുപോലെതന്നെ വിമർശകന്റെ ശൈലി ഒരിക്കലും സ്വയം പ്രകാശനത്തിനുള്ളതല്ല. അതേസമയം, സാഹിത്യരചനപോലെതന്നെ കാലനിബദ്ധമായ ഒരു പ്രവർത്തനമാണ് വിമർശനം. ഒരു പ്രത്യേക കാലഘട്ടത്തിന്റെ ശീലങ്ങളും ശീലക്കേടുകളും സാഹിത്യകൃതിയെന്നപോലെ വിമർശനത്തെയും ബാധിക്കുമെന്നു ചുരുക്കം. അതുകൊണ്ടുതന്നെയാണ്, വിമർശകർ പ്രശംസിച്ചിട്ടുള്ള പല എഴുത്തുകാരും ഇന്നു പാടെ വിസ്മരിക്കപ്പെട്ടിട്ടുള്ളത്. വിമർശകർ തള്ളിപ്പറഞ്ഞ പല എഴുത്തുകാരും ഇപ്പോൾ ആദരിക്കപ്പെടുന്നുമുണ്ട്. അതേസമയം, മികച്ച നിരൂപണകൃതികളൊന്നും കാലഹരണപ്പെട്ടുപോകാറുമില്ല. സാഹിത്യകാരൻ ഒരു കൃതി രചിക്കുന്നു എന്ന കാരണത്താൽത്തന്നെ വിമർശകന്റെ ആവശ്യകതയെ പരോക്ഷമായി അംഗീകരിക്കുന്നുമുണ്ട്. സാഹിത്യത്തെക്കുറിച്ചുള്ള ദാർശനിക വിചിന്തനങ്ങളിൽ ഏർപ്പെടുന്നയാൾക്ക് സാഹിത്യകൃതികളുമായി പ്രത്യക്ഷത്തിൽ ബന്ധമുണ്ടാക്കേണ്ട കാര്യമില്ലെന്ന് പറയാൻ കഴിയില്ല. കാരണം, വിമർശന പ്രക്രിയയ്ക്ക് അടിസ്ഥാനമായി നിൽക്കുന്നത് സാഹിത്യകൃതികൾ തന്നെയാണ്.




"ഈ സാർവജനീന സ്വഭാവം വരാതെ വർണനകൾ തികച്ചും വ്യക്തിനിഷ്ഠങ്ങളാവുമ്പോഴാണ് അവ കൽപ്പനാഭാസങ്ങളായി തരംതാഴുന്നത്. ആ വിധത്തിൽ തരംതാണ വർണനകളാണ് എം.ആർ.ബി. യുടേത്. ചെണ്ടകൊട്ടലിൽ വിദഗ്ധനായ അച്ചുണ്ണി പൊതുവാളിനെക്കുറിച്ച് എഴുതണം എം.ആർ.ബിക്ക്. ഉടനെ അതിന് ഒരു പൂർവപീഠിക നിർമിക്കുകയായി: "ഉണങ്ങിയ പാഴ്ച്ചെടികൾ കൊണ്ട് ഇരുവർക്കും തവിട്ടുകരയിട്ട പാതയിലൂടെ ഞാൻ നടന്നു. വിളർത്ത, ചൂടുകുറഞ്ഞ വെയിൽ! പാതയുടെ ഇരുഭാഗത്തും മന്ദസ്മിതം മറന്ന മരച്ചില്ലകൾ വിളർത്ത വെയിലിൽ മങ്ങിക്കിടന്നു. കാട്ടുതാള് ഒരു നാടത്തിയെപ്പോലെ കൈക്കുമ്പിളുമായി നിൽക്കുന്നു. ആകാശമെറിഞ്ഞ മഴത്തുള്ളികളുടെ പളുങ്കു മണികൾ ആ കൈക്കുമ്പിളിൽ തിളങ്ങിക്കണ്ടു." (കുങ്കുമം വാരിക.) അച്ചുണ്ണി പൊതുവാളിന്റെ ചെണ്ടവായനയോടോ ലേഖനത്തിൽ വിവരിക്കുന്ന വിവാഹത്തിനോടോ ഒരു ബന്ധവുമില്ലാത്ത ഈ വർണന കൃത്രിമമാണ്; നാട്യമാണ്. ഇംഗ്ലീഷിൽപ്പറഞ്ഞാൽ, Forced ആണ്. ഇത്തരം 'കൺസീറ്റ്'കൾ കണ്ടുകണ്ട് കേരളീയർ മടുത്തുകഴിഞ്ഞു." എന്ന മട്ടിലാണ് എം. കൃഷ്ണൻ നായർ കൃതിയെ വിമർശനവിധേയമാക്കുന്നത്.

"Genius is without strain — ആയാസരഹിതമായിട്ടാണ് പ്രതിഭ വിലസുന്നത് — നല്ല കഥയെഴുതിക്കഴിഞ്ഞാൽ, നല്ല കാവ്യം രചിച്ചുകഴിഞ്ഞാൽ, നല്ല നിരൂപണം എഴുതിക്കഴിഞ്ഞാൽ തങ്ങളെങ്ങനെയാണ് ആ രചന നിർവഹിച്ചതെന്നു വിചാരിച്ച് എഴുത്തുകാർ അദ്ഭുതപ്പെടും. ആയാസപൂർണമായി എഴുതുന്ന നവീന കവികളും പ്രതിഭയുള്ളവരല്ല, ചിന്താശീലരല്ല." (കലാകൗമുദി, 23-09-1984) എന്ന കാര്യത്തിൽ അദ്ദേഹത്തിന് തീരെ സംശയമില്ലായിരുന്നു.

സമകാലികമലയാളത്തിൽ സാഹിത്യവാരഫലം പ്രസിദ്ധീകരിച്ചു തുടങ്ങിയതോടെ 'ചോദ്യം, ഉത്തരം' എന്നൊരു ഭാഗം കൂടി അതിൽ ഉൾച്ചേർന്നിരുന്നു. ചില മാതൃകകൾ ചുവടെ ചേർക്കുന്നു:

"ചോദ്യം: നവീന കവികളുടെ കൈകളിൽ മലയാള കവിതയുടെ ഭാവി ഭദ്രമല്ലേ?

ഉത്തരം: പശുക്കുട്ടി കടുവയുടെ ഗുഹയിൽ സുരക്ഷിതമായി വളർന്ന കഥകൾ കേട്ടിട്ടുണ്ടോ താങ്കൾ?"

(സമകാലികമലയാളം, 28-6-2002)

"ചോദ്യം: ഇന്റലക്ച്വലിനെ എങ്ങനെ അറിയാം?

ഉത്തരം: ബസ്സ്, സ്റ്റോപ്പിൽ വന്നു നിൽക്കുമ്പോൾ മറ്റാളുകളോടുകൂടി അതിൽ കയറാതെ മാറിനില്ക്കു

കയും അയാളെക്കൂടാതെ ബസ്സ് പോകുകയും ചെയ്യുമ്പോൾ ദുഃഖിക്കുന്നവനാരോ അവനാണ് ഇന്റലക്ച്വൽ.

ചോദ്യം: ഹിപ്പോക്രിറ്റ് ആര്?

ഉത്തരം: പിക്കാസ്സോയുടെ ചിത്രം കണ്ട് ഒന്നും മനസ്സിലാകാതെ "ഹാ ഇതിന്റെ കല കണ്ടു എനിക്കു രോമാഞ്ചമുണ്ടാകുന്നു എന്ന് പറയുന്നവൻ ഹിപ്പോക്രിറ്റ്."

(സമകാലികമലയാളം, 07-06-2002)

"ചോദ്യം: നിങ്ങളെ എഴുത്തുകാരനാക്കിയതാര്?

ഉത്തരം: സി.വി. കുഞ്ഞുരാമനും കെ. ബാലകൃഷ്ണനും.

ചോദ്യം: ടാഗോറോ ജിബ്രാനോ വലിയ കവി?


ഉത്തരം: ജിബ്രാന്റെ ഭാവാത്മകതയുടെ തീക്ഷ്ണത ടാഗോറിനില്ല. ടാഗോറിന്റെ റെയ്ഞ്ച് — വ്യാപ്തി — ജിബ്രാനില്ല. ആരു കേമൻ എന്നു എനിക്കു പറയാൻ വയ്യ."

(സമകാലികമലയാളം, 30-04-1999)

## വിമർശകന്റെ ബോധതലം

ഭൗതികവാദപരമല്ലാത്ത ഒരു കാഴ്ചപ്പാടിലൂടെ പരിശോധിച്ചാൽ എല്ലാ യാഥാർഥ്യങ്ങളും ബോധതലത്തിലൂടെയാണ് ആവിർഭവിക്കുന്നത് (Reality emerges through our consciousness). എല്ലാ ബോധവും എന്തിനെയെങ്കിലും പറ്റിയുള്ള ബോധമാണ് എന്ന ഹുസ്സേളിന്റെ വാദമാണ് ഇതിന് അടിസ്ഥാനം. അതുതന്നെയാണ്, ദെകാർത്തെയുടെ കോജിത്തോ (Cogito, ergosum - ഞാൻ ചിന്തിക്കുന്നു; അതിനാൽ ഞാനുണ്ട്) സിദ്ധാന്തത്തിന്റെ പ്രസക്തിയും. (ബോധതലത്തെ പറ്റിയുള്ള മാർക്സിസ്റ്റ് സിദ്ധാന്തം ഇവിടെ ചർച്ച ചെയ്യുന്നില്ല). ആശയങ്ങൾ രൂപീകരിക്കുന്നതും ബോധപൂർവം ചിന്തിക്കുന്നതുമായ മനുഷ്യബോധത്തിനു മുന്നിൽ വർത്തിക്കുന്ന മറ്റൊരു ബോധതലത്തെപ്പറ്റി സാർത്രും മേർലോപോണ്ടിയുമൊക്കെ മുന്നോട്ടു വയ്ക്കുന്ന വാദങ്ങളും ഇതോടൊപ്പം ചേർത്തു വായിക്കാവുന്നതാണ്. ബോധപൂർവമായ ആലോചനകൾക്കു പിന്നിൽ കാണപ്പെടുന്ന ബോധതലമാണ് മനുഷ്യന്റെ പ്രത്യക്ഷാനുഭവ (immediate experience) ങ്ങളുടെ അടിസ്ഥാനം. ഈ ബോധതലമാണ് സഹജവും നൈസർഗികവുമായി അനുഭവപ്പെടുന്നത്. അതിന്റെ മാധ്യമങ്ങളാണ് ആശയങ്ങളും ധാരണകളും (immediate experience is mediated through concepts). എന്നുവച്ചാൽ, യാഥാർഥ്യത്തെ ആസ്പദമാക്കിയാണ് മനുഷ്യൻ ആശയങ്ങൾ രൂപീകരിക്കുന്നത് എന്നു ചുരുക്കം.

അത്തരം ഒരു അനുഭവത്തെക്കുറിച്ച് എം. കൃഷ്ണൻ നായർ എഴുതുന്നത് ഇങ്ങനെയാണ്: "ആഹ്ലാദം രണ്ടു തരത്തിലാണ്. മസ്തിഷ്കത്തിനു കിട്ടുന്ന ആഹ്ലാദവും ഹൃദയത്തിനു കിട്ടുന്ന ആഹ്ലാദവും. രണ്ടാമത്തേതിന് ഉൽക്കൃഷ്ടത കൂടും. നവീന കലാസൃഷ്ടികളിൽ ഉൽക്കൃഷ്ടങ്ങളായവ പലതും മസ്തിഷ്കത്തിന് ആഹ്ലാദമരുളുന്നവയാണ്. അവയിൽ ഒരു നോവലാണ്




ടാഗോർ

റസ്സൽ മക്കോർമിക് (Russell McCormmach) എഴുതിയ Night Thoughts of A Classical Physicist എന്നത് (കിങ് പെൻഗ്വിൻ പ്രസാധനം). ഇതിന്റെ ഉജ്ജ്വലത അന്യാദൃശമാണ്. ക്ലാസ്സിക്കൽ ഫിസിക്സിന്റെ ഉദ്ഘോഷകനും ആരാധകനുമാണ് കൽപ്പിത കഥാപാത്രമായ വിക്തോർ യാക്കോബ്. ക്ലാസ്സിക്കൽ ഫിസിക്സ് ഒരു സത്യത്തെ മാത്രമേ അംഗീകരിച്ചുള്ളൂ. ആ സത്യം ഭൗതികമാണ്. വസ്തുനിഷ്ഠമാണ്. യന്ത്രമായി പ്രപഞ്ചത്തെ വീക്ഷിക്കാനായിരുന്നു ക്ലാസ്സിക്കൽ ശാസ്ത്രജ്ഞന്മാരുടെ കൗതുകം. എന്നാൽ നവീനഭൗതികശാസ്ത്രം ഈ സങ്കൽപ്പങ്ങളെ തകിടം മറിച്ചു. The Nature of the Physical World എന്ന ഗ്രന്ഥത്തിൽ എഡിങ്ടൺ എഴുതി: "Physical science has limited its scope so as to leave a background which we are at liberty to, or even invited to fill with a reality of spiritual import". നവീന ഭൗതികശാസ്ത്രം തെന്നിമാറുന്ന സത്യത്തിലേക്ക് കൈചൂണ്ടിയപ്പോൾ ക്ലാസ്സിക്കൽ ഫിസിസിസ്റ്റുകൾ ഭയന്നു. ആ രീതിയിൽ ഭയന്നു തകർന്നടിയുന്ന കഥാപാത്രമാണ് മക്കോർമിക്കിന്റെ യാക്കോബ്. മാക്സ് പ്ലാങ്കിന്റെയും ഐൻസ്റ്റൈന്റെയും സിദ്ധാന്തങ്ങൾകണ്ട് അയാൾ അമ്പരന്നു. വർഷം 1918. സ്ഥലം ഒരു ജർമൻ നഗരം. ഒന്നാം ലോകമഹായുദ്ധത്തിൽ ജർമനി തകർന്നതുപോലെ യാക്കോബും തകർന്നു. യാക്കോബിന്റെ ഈ ദുരന്തത്തിന് എല്ലാ മണ്ഡലങ്ങളുടെയും സാംഗത്യമുണ്ട്. ഉൽപ്പതിഷ്ണുത്വത്തിന്റെ അടിയേറ്റ് അസത്യാത്മകമായ യാഥാസ്ഥിതികത്വം നിലംപതിക്കുന്നു എന്ന മട്ടിലുള്ള സാംഗത്യമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ പാരായണം ഒരസുലഭാനുഭവമാണ്".

ബോധതലത്തിനു പിന്നിൽ പ്രവർത്തിക്കുന്ന ഒരു സ്വാധീനത്തിനു വിധേയമായതുകൊണ്ടുതന്നെ മനുഷ്യന് സ്വയം പൂർണമായി മനസ്സിലാക്കാൻ സാധിക്കുകയില്ല. ഇതര യാഥാർഥ്യങ്ങളെ ബോധ


ഭൗതികവാദപരമല്ലാത്ത ഒരു കാഴ്ചപ്പാടിലൂടെ പരിശോധിച്ചാൽ എല്ലാ യാഥാർഥ്യങ്ങളും ബോധതലത്തിലൂടെയാണ് ആവിർഭവിക്കുന്നത്. എല്ലാ ബോധവും എന്തിനെയെങ്കിലും പറ്റിയുള്ള ബോധമാണ് എന്ന ഹുസ്സേളിന്റെ വാദമാണ് ഇതിന് അടിസ്ഥാനം. അതുതന്നെയാണ്, ദെകാർത്തെയുടെ കോജിത്തോ (Cogito, ergosum - ഞാൻ ചിന്തിക്കുന്നു; അതിനാൽ ഞാനുണ്ട്) സിദ്ധാന്തത്തിന്റെ പ്രസക്തിയും.



ബോർഹെസ്

തലത്തിൽ വിഷയമാക്കുമ്പോഴാണ് മനുഷ്യർ അവയെ ഗ്രഹിക്കുന്നത്. അതായത്, മനുഷ്യർക്ക് സ്വയം വസ്തുനിഷ്ഠമായി വിശകലനം ചെയ്യാൻ കഴിയില്ല (The subject cannot objectify himself). അതായത്, ഒരു എഴുത്തുകാരന് തന്നെത്തന്നെ തിരിച്ചറിയാൻ ഒരു വിമർശകന്റെ ബോധതലംകൂടി ആവശ്യമുണ്ട്. എഴുത്തുകാരന്റെ ആത്മത്തിന് സാഹിത്യസൃഷ്ടിയിൽ എന്നപോലെ വിമർശകന്റെ ആത്മത്തിന് നിരൂപണത്തിലും ക്രിയാത്മകമായ പങ്കുവഹിക്കാൻ കഴിയും. അത്തരം ഒരു അന്വേഷണമാണ് ഒരു വിമർശകൻ ചെയ്യുന്നത് / ചെയ്യേണ്ടത്.

പി.കെ. ബാലകൃഷ്ണൻ



സാഹിത്യവാരഫലത്തിൽ നിന്നെടുത്ത ഒരു ഭാഗം ചുവടെച്ചേർക്കുന്നു:

"ലാറ്റിനമേരിക്കൻ സാഹിത്യകാരനായ ബോർഹെസ്സിന് 1983 ആഗസ്റ്റ് 24-ആം തീയതി 84 വയസ്സ് തികഞ്ഞു. അദ്ദേഹമെഴുതിയ 1983 ആഗസ്റ്റ് 25 എന്ന ചെറുകഥ ഇലസ്റ്റേറ്റഡ് വീക്‌ലിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബോർഹെസ് കഥ പറയുകയാണ്. അദ്ദേഹം ഹോട്ടൽ മുറിയിലേക്കു പോകാൻ ബുക്കിൽ പേരെഴുതാൻ ഭാവിച്ചു. അദ്ഭുതകരം. ആരോ ബോർഹെസ് എന്നെഴുതിയിരിക്കുന്നു അതിൽ. പത്തൊമ്പതാം നമ്പർ മുറിയിലേക്കു നേരത്തേ പോയ ബോർഹെസ് തന്നെക്കാൾ പ്രായം കൂടിയവനാണെന്നു മനസ്സിലാക്കിക്കൊണ്ട് അദ്ദേഹം അങ്ങോട്ടുചെന്നു. അവിടെ കിടക്കുന്ന ആദ്യം ചെന്ന ബോർഹെസ്. കിടക്കുന്ന രൂപം പറഞ്ഞു: "എന്തു വിചിത്രം, നമ്മൾ രണ്ടുപേരാണ്. നമ്മൾ ഒരാളും. പക്ഷേ, സ്വപ്നങ്ങളിൽ വിചിത്രമായി ഒന്നുമില്ല." മുറിയിൽ ചെന്ന ബോർഹെസ് അവിടെ കിടക്കുന്ന ബോർഹെസ്സിനെ അറിയിച്ചു: "പക്ഷേ, ഇന്നലെയായിരുന്നു എന്റെ അറുപത്തൊന്നാമത്തെ ജന്മദിനം."

അപ്പോൾ മറ്റേ രൂപം: "നിങ്ങൾ ഈ രാത്രിയിലെത്തുമ്പോൾ നിങ്ങളുടെ എൺപത്തിനാലാമത്തെ ജന്മദിനം ഇന്നലെയായിരിക്കും. ഇന്ന് 1983 ആഗസ്റ്റ് 25 ആണ്."

കഥയുടെ അവസാനത്തിൽ എൺപത്തിനാലു വയസ്സുള്ള ബോർഹെസ് മരിക്കുന്നു. അവിടെ ചെന്നുകയറിയ ബോർഹെസ് മുറിയിൽനിന്ന് ഓടിപ്പോയി. വെളിയിൽ മറ്റു സ്വപ്നങ്ങൾ അദ്ദേഹത്തെ കാത്തിരിക്കുന്നുണ്ടായിരുന്നു.

നമ്മൾ സ്വപ്നം കാണുന്നു. സ്വപ്നദർശകരായ നമ്മൾ മറ്റാരുടെയോ സ്വപ്നമല്ലെന്ന് എങ്ങനെയറിയാം. ഹാംലെറ്റ് നാടകം അഭിനയിക്കുകയാണെന്നിരിക്കട്ടെ. അതിലെ അന്തർനാടകം രാജാവും ഗർട്രൂഡും മറ്റുള്ളവരും കണ്ടുകൊണ്ടിരിക്കുന്നു. അവരെ നമ്മൾ കാണുന്നു. നമ്മൾ തന്നെ മറ്റൊരു നാടകത്തിലെ കഥാപാത്രങ്ങളല്ലെന്ന് എങ്ങനെയറിയാം? ജീവിതത്തെ സംബന്ധിച്ച പ്രഹേളികയെ തന്റേതായ രീതിയിൽ ആവിഷ്കരിക്കുകയാണ് ബോർഹെസ്. മറ്റൊരാശയവും കൂടി ഇക്കഥയിലുണ്ട്."

തുടർന്ന്, പി.കെ. ബാലകൃഷ്ണനുമായുള്ള വിഖ്യാതമായ തർക്കത്തിന്റെ കഥ ഉദാഹരണമായി വിവരിക്കുന്നു. അവിടെയും, വിമർശകന്റെ ബോധതലത്തിൽനിന്നുകൊണ്ടുതന്നെയാണ് എം. കൃഷ്ണൻ നായർ സ്ഥിതിഗതികളെ നോക്കിക്കാണുന്നത്. അത് ഇപ്രകാരമാണ്:


"വർഷങ്ങൾക്കുമുമ്പ് പി.കെ. ബാലകൃഷ്ണന്റെ 'പ്ലൂട്ടോ, പ്രിയപ്പെട്ട പ്ലൂട്ടോ' എന്ന നോവൽ കലാത്മകമല്ലെന്നു കാണിച്ച് 'കൗമുദി' വാരികയിൽ എഴുതി. ഇന്നു ചെയ്യാറുള്ളതുപോലെ അന്നും ഒരു പടിഞ്ഞാറൻ കൃതിയുടെ സൗന്ദര്യം വ്യക്തമാക്കി. സ്പാനിഷ് കവി റാമോൺ ജിമെനെസിന്റെ (Ramon Jimenez, നോബൽ സമ്മാനം 1956) Platero and I എന്ന

ഗദ്യകാവ്യം — ഒരു കഴുതയുടെ ജീവിതം ചിത്രീകരിക്കുന്ന കാവ്യം — എടുത്തുകാണിച്ചു. വഴക്കുണ്ടാക്കാനായിരിക്കണം പത്രാധിപർ ആ ലേഖനത്തിനു ഞാനെഴുതാത്ത ഒരു തലക്കെട്ടു നൽകി, പി. കെ. ബാലകൃഷ്ണൻ ഹീമനേത്തിന്റെ കൃതി ചൂഷണം ചെയ്തു എന്ന അർഥത്തിൽ. കോപിഷ്ടനായ ഗ്രന്ഥകാരൻ അടുത്ത കൗമുദി വാരികയിൽ ഒരു നോവലെഴുതിത്തുടങ്ങി. അതിന്റെ ആദ്യത്തെ ഖണ്ഡിക വായിച്ചപ്പോൾ ഏതോ ഒരാളിനെ അവതരിപ്പിക്കുന്നു എന്നേ എനിക്കു തോന്നിയുള്ളൂ. വായിച്ചു വരുന്തോറും അത് എന്നെക്കുറിച്ചാണോ എന്ന സംശയം ഉണ്ടായിത്തുടങ്ങി. ഒടുവിൽ ഞാൻ തന്നെയാണു വൾഗറായ ആ നോവലിലെ പ്രധാന കഥാപാത്രം എന്നു മനസ്സിലാക്കി. ഇങ്ങനെ നമ്മുടെ 'സെൽഫ്' നമ്മുടെ സെൽഫിനെത്തന്നെ കാണുന്ന സന്ദർഭങ്ങളുണ്ട്. അതും കൂടെ പ്രദർശിപ്പിക്കുന്നു ബോർഹെസ്. വായനക്കാർ ഇത്തരം കഥകൾ വായിച്ച് അനുഭവ ചക്രവാളം വികസിപ്പിക്കണം. അല്ലാതെ ഖസാക്കിന്റെ ഇതിഹാസം, ഒ.വി. വിജയൻ: ഒ.വി. വിജയൻ, ഖസാക്കിന്റെ ഇതിഹാസം, ഉത്തരായനം, അരവിന്ദൻ; അരവിന്ദൻ, ഉത്തരായനം എന്നു മാത്രം ഉരുവിട്ടുകൊണ്ട് ഇരിക്കരുത്. വിജയനോടും, അരവിന്ദനോടും എനിക്കു സ്നേഹബഹുമാനങ്ങളേയുള്ളുവെന്നും അവരെ ഒരുവിധത്തിലും ആക്ഷേപിക്കുകയല്ലെന്നും കൂടി എഴുതിക്കൊള്ളട്ടെ."

## വിമർശനവും ദർശനവും

സാഹിത്യകൃതികൾ അവയുടെ മൂല്യത്തിനൊത്തവണ്ണം കാലത്തോടൊപ്പം സഞ്ചരിക്കുന്നതിനാൽ, അവയ്ക്ക് അന്തിമമായ ഒരർഥം കൽപ്പിക്കാൻ സാധിക്കുകയില്ല. അന്തിമമായ അർഥം അന്വേഷിക്കുന്നത് ശരിയായ നിലപാടുമല്ല. 'There is no definite Shakespeare' എന്ന ചൊല്ലുപോലും അത്തരത്തിൽ രൂപപ്പെട്ടതാണ്. കാളിദാസകൃതികളിലെ അർഥത്തിന്റെ അവസ്ഥയും വ്യത്യസ്തമല്ല. ചരിത്രത്തിലൂടെയുള്ള അർഥത്തിന്റെ തുടർച്ച ക്ലാസ്സിക് കൃതികളുടെ മുഖമുദ്രയാണ്. അക്കാരണത്താൽ എല്ലാ വിമർശനങ്ങളും ഒരു ഏകദേശസ്വഭാവത്തിലേക്ക് ചുരുങ്ങിപ്പോകാനുള്ള സാധ്യത വളരെക്കൂടുതലാണ്. അപ്പോഴും വിമർശകൻ സ്വന്തമായ ഒരു രീതിശാസ്ത്രം കണ്ടെത്തും.

സാഹിത്യദർശനവും വിമർശനവും ഒന്നല്ല. സാഹിത്യകൃതികളെക്കുറിച്ചുള്ള ദാർശനികമായ സമീപനം സ്വീകരിക്കാൻ വിമർശകർ വ്യത്യസ്ത വിജ്ഞാനശാഖകളുടെ സഹായം തേടാറുണ്ട്. ഭാഷാശാസ്ത്രം, മനശ്ശാസ്ത്രം, സാമൂഹികശാസ്ത്രം, ചരിത്രം, നരവംശവിജ്ഞാനീയം എന്നിവയൊക്കെ അക്കൂട്ടത്തിൽ ഉൾപ്പെടും. ഗോൾഡ് മാൻ മാർക്സിസത്തെയും ഗിൽബർട്ട് ഡുറാൻഡ് നരവംശവിജ്ഞാനീയത്തെയും സ്പിറ്റ്സർ ശൈലീവിജ്ഞാനീയത്തെയും മോഡ് ബോഡ്കിൻ മാനസികാപഗ്രഥനത്തെയും തങ്ങളുടെ വിമർശനങ്ങളിൽ ഉപയോഗിച്ചിരുന്നു.




റാമോൺ ജിമെനെസ്

ഒരു സാഹിത്യകൃതിയിൽ വ്യത്യസ്ത അർഥതലങ്ങൾ ഇഴുകിച്ചേർന്നിരിക്കും. അതുകൊണ്ടുതന്നെ, ഏറ്റവുമധികം അടരുകൾ വെളിച്ചത്തു കൊണ്ടുവരാനാണ് വിമർശകർ പ്രയത്നിക്കുന്നത്. അത്തരം വ്യത്യസ്തതകളെയും വൈരുധ്യങ്ങളെയും കണ്ടെത്തുകയെന്നതാണ് വിമർശകർക്കു മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി. ഇങ്ങനെ വൈവിധ്യങ്ങളിലെ ഏകത്വം കണ്ടെത്താൻ ശ്രമിക്കുന്നവർ കേവലം വിമർശകർ മാത്രമല്ല ദാർശനികരുമായി മാറുന്നു. വിമർശനപ്രക്രിയയിൽ സമഗ്രദർശനത്തിന് പ്രാധാന്യം നൽകുന്ന വിമർശകൻ ദാർശനികനെ അനുകരിക്കുകയാണ് ചെയ്യുന്നത്. ദാർശനികചിന്തയിൽ വ്യത്യസ്ത സമ്പ്രദായങ്ങളും സമീപനങ്ങളുമുണ്ട്. ഒരു ചിന്താധാരയുടെ ഉൾക്കാഴ്ച മറ്റൊന്നുമായി ചേർന്നുപോകുന്നതും അപൂർവമായിരിക്കും. എന്നാൽ, ഏതുനിലയ്ക്കും ദാർശനിക ചിന്തയുമായുള്ള അടുപ്പം ഏതൊരു വിമർശകനും മുതൽക്കൂട്ടായിരിക്കും. സ്വന്തം അസ്തിത്വദർശനത്തെ മുൻനിർത്തിയാണ് സാർത്ര്, ഫ്ളോബർട്ടിനെക്കുറിച്ചുള്ള ബൃഹദ്ഗ്രന്ഥം രചിച്ചത്. ഷെനെ, ബോദ്‌ലെയർ തുടങ്ങിയവരെപ്പറ്റിയുള്ള സാർത്രിന്റെ പഠനവും അസ്തിത്വചിന്തയുടെ വെളിച്ചത്തിലായിരുന്നു. ഫ്രഞ്ച് കവിയായ മല്ലാർമേയുടെ ശൂന്യതാവാദം മനസ്സിലാക്കാൻ ബ്ലാൻഷോ (Blanchot) യെ സഹായിച്ചത് ശൂന്യതയെക്കുറിച്ചുള്ള ഹൈഡഗറിന്റെ ചിന്തയാണ്.

മലയാളസാഹിത്യവിമർശനത്തിന് ദാർശനികമുഖം നൽകി എന്നതാണ് എം. കൃഷ്ണൻ നായരുടെ മറ്റൊരു സവിശേഷത. "സാഹിത്യത്തിലെ പരീക്ഷണങ്ങൾ പ്രതിഭാശക്തിയോടു ബന്ധപ്പെട്ടവയല്ല, ദൗർബല്യത്തോടു ചേർന്നുനിൽക്കുന്നവയാണ്. കുട്ടികൃഷ്ണമാരാരെപ്പോലെ, ജോസഫ് മുണ്ടശ്ശേരിയെപ്പോലെ എഴുതാൻ കഴിവില്ലാത്തവർ തങ്ങളുടെ അശക്തി മറച്ചുവയ്ക്കാൻവേണ്ടി ദുർഗ്രഹമായി എഴു

സാഹിത്യദർശനവും വിമർശനവും ഒന്നല്ല. സാഹിത്യകൃതികളെക്കുറിച്ചുള്ള ദാർശനികമായ സമീപനം സ്വീകരിക്കാൻ വിമർശകർ വ്യത്യസ്ത വിജ്ഞാനശാഖകളുടെ സഹായം തേടാറുണ്ട്. ഭാഷാശാസ്ത്രം, മനശ്ശാസ്ത്രം, സാമൂഹികശാസ്ത്രം, ചരിത്രം, നരവംശവിജ്ഞാനീയം എന്നിവയൊക്കെ അക്കൂട്ടത്തിൽ ഉൾപ്പെടും.



*ഒ.വി. വിജയൻ*

രചയിതാവിനെ പരിഗണിക്കാതെ കൃതിയെ മാത്രം ആസ്പദമാക്കി കണിശമായും വിട്ടുവീഴ്ചയില്ലാതെയും സാഹിത്യവിമർശനം നടത്തിയ ആളായിരുന്നു എം. കൃഷ്ണൻ നായർ. അതുകൊണ്ടുതന്നെയാണ് സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചത്.

തുന്നു. ആ ദുർഗ്രഹത പരീക്ഷണമാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. നവീനന്മാരുടെ ഏതുരചനയും നോക്കുക. ചിന്തയെ മറച്ചുവയ്ക്കാനുള്ള അവരുടെ താൽപ്പര്യം ആ രചനകളിൽ പ്രകടമാണ്. എന്തുകൊണ്ടാണ് ആ താൽപ്പര്യം? ചിന്തയില്ലാത്തതുകൊണ്ടുതന്നെ. ദുർഗ്രഹമായി എഴുതിയാൽ തങ്ങൾ സാഹിത്യത്തിന്റെ ആഴത്തോളം ചെല്ലുന്നവരാണെന്നു ബഹുജനം കരുതുമെന്നും ഇക്കൂട്ടർ വിചാരിക്കുന്നു." എന്ന അഭിപ്രായം കൃഷ്ണൻ നായരിൽ രൂപപ്പെട്ടതിനു കാരണവും മറ്റൊന്നല്ല.

രചയിതാവിനെ പരിഗണിക്കാതെ കൃതിയെ മാത്രം ആസ്പദമാക്കി കണിശമായും വിട്ടുവീഴ്ചയില്ലാതെയും സാഹിത്യവിമർശനം നടത്തിയ ആളായിരുന്നു എം. കൃഷ്ണൻ നായർ. അതുകൊണ്ടുതന്നെയാണ് സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചത്. രസകരമായ രചനാശൈലിയും കുറിക്കുകൊള്ളുന്ന നർമവും മലയാളികളുടെ ജീവിതശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യവാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കിത്തീർത്തു. അതേസമയം, മലയാളസാഹിത്യത്തിലെ ദന്തഗോപുരവാസികളായിരുന്ന പല എഴുത്തുകാരുടെ അപ്രീതിക്ക് പാത്രമാവുകയും ചെയ്തു.

മലയാളസാഹിത്യത്തിന് ഇത്രയും കുറഞ്ഞ ഗ്രേഡ് നൽകിയ മറ്റൊരു വിമർശകൻ ഉണ്ടായിട്ടില്ല. ഏറിയകൂറും ഭാരതീയകാവ്യ-കലാസങ്കൽപ്പങ്ങൾ മുൻനിർത്തി രചന നടത്തിയിരുന്ന മലയാളത്തിലെ എഴുത്തുകാരെ പാശ്ചാത്യരചനാസങ്കേതങ്ങളും സമീപനങ്ങളും സൂചകങ്ങളായി അടയാളപ്പെടുത്തിയ സ്കെയിൽ ഉപയോഗിച്ചായിരുന്നു മാർക്കിട്ടതും തല്ലിയതും തലോടിയതും എന്നതാണ് അദ്ദേഹത്തിനു നേർക്കുയരുന്ന വിമർശനം എന്നതും കാണാതെ പോകരുത്. 'സാഹിത്യവാരഫല'ത്തിന് അക്കാലത്തും പിന്നീടും നിരവധി അനുകരണങ്ങളുണ്ടായെങ്കിലും അതൊക്കെ ദുർബലമായിരുന്നു എന്നതും ശ്രദ്ധേയമാണ്.

## സഹായകഗ്രന്ഥങ്ങൾ


1. ചാക്കോ, പി.ടി. സാഹിത്യതത്വം. തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, 1998.
2. ഭാസുരചന്ദ്രൻ, എസ്.എം. കൃഷ്ണൻ നായർ സിംഹത്തിന്റെ പേര്. കൊല്ലം: സുജിലി പബ്ലിക്കേഷൻസ്, 2023.
3. Brooks, Cleanth & William K. Wimsatt Jr. Literary Criticism: A Short History. London: Routledge, 2023.
4. Devy, G. N. Indian Literary Criticism. Hyderabad: Orient Blackswan Pvt. Ltd., 2020.
5. Husserl, Edmund. Ideas: General Introduction to Pure Phenomenology. London: Routledge, 2012.


## അനുബന്ധം

**എം. കൃഷ്ണൻ നായരുടെ കൃതികൾ**

1. ആധുനിക മലയാള കവിത - 1959
2. കലാസങ്കൽപ്പങ്ങൾ - 1969
3. സ്വപ്നമണ്ഡലം - 1976
4. സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ - 1977
5. പ്രതിഭയുടെ ജ്വാലാഗ്നി - 1981
6. ഏകാന്തതയുടെ ലയം- 1984
7. മാജിക്കൽ റിയലിസം - 1985
8. പ്രകാശത്തിന് ഒരു സ്തുതിഗീതം - 1987
9. കൃഷ്ണൻ നായരുടെ ലേഖനങ്ങൾ - 1987
10. കറുത്ത ശലഭങ്ങൾ - 1988
11. ഒരു ശബ്ദം, ഒരു രാഗം- 1989
12. മനോരഥങ്ങളിലെ യാത്രക്കാർ - 1990
13. ആത്മാവിന്റെ ദർപ്പണം - 1991
14. മണൽക്കാട്ടിലെ മരങ്ങൾ - 1992
15. സാഹിത്യവാരഫലം - 1992
16. ശരത്കാല ദീപ്തി - 1993
17. പനിനീർപ്പൂവിന്റെ പരിമളം പോലെ - 1994
18. മുത്തുകൾ - 1994
19. വിശ്വസുന്ദരി, വൃദ്ധരതി - 1996
20. വായനക്കാരാ നിങ്ങൾ ജീവിച്ചിരിക്കുന്നില്ലേ? - 1997
21. സാഹിത്യവാരഫലം - 1999
22. മോഹഭംഗങ്ങൾ - 2000
23. സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ - 2007

*(ഡോ. അശോക് ഡിക്രൂസ് - 9447060757)*